**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4251** **18-03-2025 - ൽ മറുപടിയ്ക്ക്**

**കുടുംബങ്ങളിലെ ശരാശരി വാർഷിക സമ്പാദ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കുടുംബങ്ങളിലെ ശരാശരി വാർഷിക സമ്പാദ്യം കണക്കാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | സർക്കാർ നടത്തുന്ന സർവ്വേകളിൽ വിഷയങ്ങളുടെ പ്രാധാന്യം അനുസരിച്ച് കുടുംബങ്ങളുടെ വാർഷികവരുമാനവും ശേഖരിക്കാറുണ്ട്. അത്തരത്തിലുള്ള സർവ്വേ റിപ്പോർട്ടുകളിൽ വാർഷിക സമ്പാദ്യം സംബന്ധിച്ച വിവരവും കണക്കാക്കാറുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്കാണ് സമ്പാദ്യശീലം ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്കാണ് സമ്പാദ്യശീലം ഉള്ളതെന്ന വിവരം ലഭ്യമല്ല . |
| (സി) | പ്രസ്തുത കുടുംബങ്ങളിൽ കാർഷിക കുടുംബങ്ങൾ, കാർഷികേതര കുടുംബങ്ങൾ എന്ന രീതിയിലുള്ള കണക്കുകൾ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (സി) | മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല . |
| (ഡി) | കേരളത്തിലെ ഗ്രാമീണമേഖലകളിലെ കുടുംബങ്ങളിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് വകുപ്പ് മുൻകയ്യെടുത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ? | (ഡി) | കേരളത്തിലെ ഗ്രാമീണ മേഖലകളിലെ കുടുംബങ്ങളിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ ഉപവകുപ്പായ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മഹിളാപ്രധാൻ ഏജന്റുമാരുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. പോസ്റ്റ് ഓഫീസ് മുഖേനയുള്ള Recurring Deposit സ്കീമിലാണ് ഇവർ സ്വരൂപിക്കുന്ന തുക നിക്ഷേപിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുടുംബങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ഇവർ സുപ്രധാന പങ്ക് വഹിക്കുന്നു. കൂടാതെ മറ്റു ചെറുകിട സമ്പാദ്യ പദ്ധതികളെ കുറിച്ചും ഈ ഏജന്റുമാർ അറിവ് പകർന്നു നൽകുന്നു. നിലവിൽ സംസ്ഥാനത്ത് ഒൻപതിനായിരത്തോളം ഏജന്റുമാരുടെ സേവനം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ